ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ മുപ്പത്തിയഞ്ചാം വാർഡ് ( ലജ്നത് വാർഡ്), നാല്പത്തി മൂന്നാം വാർഡ് (സക്കറിയ ബസാർ) എന്നിവ കണ്ടെൻമെൻറ് സോൺ ആയി പ്രഖ്യാപിച്ച് ജില്ലാ കളക്ടർ ഉത്തരവിട്ടു.

ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ മുപ്പത്തിയഞ്ചാം വാർഡിൽ ( ലജ്നത് വാർഡ്) ഒരു വീട്ടിൽ തന്നെ അഞ്ച് പേർക്ക് കൊവിഡ് ബാധ സ്ഥിരീകരിച്ചിരുന്നു. രോഗബാധ സ്ഥിരീകരിച്ച ആളുകൾ തൊട്ടടുത്ത നാല്പത്തി മൂന്നാം വാർഡിലെ (സക്കറിയ ബസാർ )ആളുകളുമായി സമ്പർക്കം ഉണ്ടായിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ രോഗവ്യാപനസാധ്യത നിലനിൽക്കുന്നതിനാൽ  ഇവ കണ്ടെൻമെൻറ് സോൺ ആയി പ്രഖ്യാപിച്ചു ജില്ലാ കലക്ടർ ഉത്തരവായി
--